നം. ട്രാ1/38347/2009

പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള, തിരുവനന്തപുരം
തീയതി: 15/5/2009.

## സർക്കുലർ നമ്പർ: 20/2009

വിഷയം: സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബ് രൂപീകരണം മാർഗ്ഗ നിർദ്ദേശ രേഖ –

..................

1. നാഷണൽ ഹൈവേകളുടെയും മറ്റ് പ്രധാന റോഡുകളുടേയും ഓരത്തായി സ്ഥിതി ചെയ്യുന്ന സ്കൂളുകൾ റോഡ് സുരക്ഷയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. കുട്ടികൾ റോഡ് മുറിച്ച് കടക്കുമ്പോഴും നടന്നോ വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോഴും അപകടഭീഷണി നേരിടുന്നുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരിൽ ശരിയായ ട്രാഫിക് സംസ്കാരം വളർത്തുന്നതിനുമുതകുന്ന രീതിയിൽ സ്കൂളുകളിൽ ട്രാഫിക് സേഫ്റ്റി ക്ലബ്ബുകൾ തുടങ്ങുന്നത് എന്തുകൊണ്ടും ഉചിതമായിരിക്കും.

2. സ്കൂളുകളിൽ കേരളാ പോലീസ്, റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള ചുമതല അതാത് ഹൈവേ പട്രോൾ സബ്ബ് ഇൻസ്പെക്ടർക്കോ (സ്കൂൾ ഹൈവേയുടെ ഓരങ്ങളിലാണെങ്കിൽ), സ്ഥലം സബ്ബ് ഇൻസ്പെക്ടർക്കോ ആയിരിക്കും. തങ്ങളുടെ അധികാര പരിധിക്കുള്ളിൽ പ്രധാന റോഡുകളോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുവാൻ അതത് ഹൈവേ പട്രോൾ സബ്ബ് ഇൻസ്പെക്ടർമാർ/സ്ഥലം സബ്ബ് ഇൻസ്പെക്ടർമാർ അത്തരം സ്കൂൾ അധികാരികളുമായി ബന്ധപ്പെട്ട് ചർച്ച നടത്തേണ്ടതുണ്ട്. ക്ലബ്ബ് രൂപീകരിക്കുവാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്കൂളുകളിൽ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള റോഡ് സുരക്ഷാ സംബന്ധമായ ഒരു ക്ലാസ്സ് ബന്ധപ്പെട്ട സബ്ബ് ഇൻസ്പെക്ടർ സംഘടിപ്പിക്കണം. അതിനുശേഷം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഒരു ചെറിയ പ്രശ്നോത്തരി കുട്ടികൾക്കായി നടത്താവുന്നതാണ്. അതിൽ താത്പര്യപൂർവ്വം പങ്കെടുക്കുന്ന 50 കുട്ടികളെയെങ്കിലും റോഡ് സേഫ്റ്റി ക്ലബ്ബുകളിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്. കൂടാതെ ചുരുങ്ങിയത് 25 രക്ഷകർത്താക്കളെയും റോഡ് സേഫ്റ്റി ക്ലബ്ബുകളിൽ അംഗങ്ങളായി ചേർക്കണം. ക്ലബ്ബിന്റെ ചുമതല സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്ന അദ്ധ്യാപകൻ/അദ്ധ്യാപികയ്ക്ക് നൽകേണ്ടതാണ്. ഇങ്ങനെ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകൃതമായി കഴിഞ്ഞാൽ അക്കാര്യം സബ്ബ് ഇൻസ്പെക്ടർ

ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ മുഖാന്തിരം ജില്ലാ പോലീസ് സൂപ്രണ്ടിനെ/കമ്മീഷണറെ അറിയിക്കേണ്ടതും ജില്ലാ തലത്തിൽ ഒരു രജിസ്ട്രേഷൻ നമ്പർ ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ റോഡ് സേഫ്റ്റി ക്ളബ്ബുകൾക്ക് നൽകേണ്ടതുമാണ്. തങ്ങളുടെ അധികാര പരിധിയിലുള്ള റോഡ് സേഫ്റ്റി ക്ളബ്ബുകളുടെ ലിസ്റ്റ് അതത് ഹൈവേ പട്രോൾ വാഹനങ്ങളിലും, പോലീസ് സ്റ്റേഷനുകളിലും, സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളിലും, സബ് ഡിവിഷണൽ പോലീസ് ഓഫീസുകളിലും/ഡിസ്ട്രിക്റ്റ് പോലീസ് ഓഫീസുകളിലും സൂക്ഷിക്കേണ്ടതാണ്.

ജില്ലാ പോലീസ് സൂപ്രണ്ടുമാർ/കമ്മീഷണർമാർ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ക്ളബ്ബ് രൂപീകരണവുമായി സഹകരിക്കുവാൻ അഭ്യർത്ഥിക്കേണ്ടതാണ്.

<u>റോഡ് സേഫ്റ്റി ക്ളബ്ബുകൾ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.</u>

- ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടറുടെ അക്രഡിറ്റേഷൻ ലഭിച്ച സ്ക്കൂളുകൾക്ക് മുൻപിൽ റോഡ് സേഫ്റ്റി ക്ളബ്ബ് ബോർഡ് വയ്ക്കാവുന്നതാണ്.
- എല്ലാ മാസവും അതത് സ്ക്കൂളുകളിൽ ഒരു ട്രാഫിക് ബോധവത്കരണ പരിപാടിയെങ്കിലും ഹൈവേ പട്രോൾ ടീം/ അല്ലെങ്കിൽ പോലീസ് സ്റ്റേഷന്റെ സഹായത്തോടെ നടത്തുക.
- സ്ക്കൂളുകൾക്ക് മുൻപിൽ സ്പീഡ് ലിമിറ്റ് ബോർഡുകൾ പി.റ്റി.എ. യുടേയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടേയും സഹായത്തോടെ സ്ഥാപിക്കുക.
- കുട്ടികൾക്ക് മുൻ വർഷങ്ങളിൽ നടന്നിട്ടുള്ള റോഡപകടങ്ങളുടേയും, മരണപ്പെട്ടവരുടേയും, പരിക്കേറ്റവരുടേയും സ്ഥിതിവിവരക്കണക്കുകൾ വിശദീകരിച്ച് കൊടുക്കുക.
- കുട്ടികളെ സ്ക്കൂളുകളിൽ കൊണ്ടുവരാനും മറ്റും ഉപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങളുടെ മെക്കാനിക്കൽ കണ്ടീഷൻ, ഡ്രൈവർമാർ ടി വാഹനം ഓടിക്കുന്നതിനുള്ള പ്രാവീണ്യം ഉള്ളവരാണോ എന്ന വസ്തുതകൾ രക്ഷിതാക്കൾ ഉറപ്പു വരുത്തേണ്ടതാണെന്ന് അവരെ പറഞ്ഞ് മനസ്സിലാക്കേണ്ടതാണ്. കൂടാതെ കുട്ടികളെ വാഹനങ്ങളിൽ കുത്തി നിറച്ച് കൊണ്ടുവരുന്നത് ഒഴിവാക്കേണ്ടതിനു സ്ക്കൂൾ പി.റ്റി.എ. യെ ഉപദേശിക്കേണ്ടതാണ്.

- ട്രാഫിക് സിഗ്നൽ, ഫുട്പാത്തിന്റെ ഉപയോഗം, റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സൈക്കിൾ സവാരി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ബസ്സിൽ സുരക്ഷിതമായി യാത്ര ചെയ്യേണ്ടുന്ന വിധം, റോഡ്/ട്രാഫിക് അടയാളങ്ങൾ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് അറിഞ്ഞിരിക്കേണ്ട മറ്റു കാര്യങ്ങൾ എന്നിവയെപ്പറ്റി കുട്ടികളോട് വിശദമായി ചർച്ച ചെയ്യേണ്ടതാണ്.
- ഇതുകൂടാതെ അപകടങ്ങളിൽപ്പെട്ടവർക്ക് പെട്ടെന്ന് നൽകേണ്ട പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ക്ലാസ്സ് കുട്ടികൾക്ക് നൽകേണ്ടതാണ്. അപകടം നടന്ന മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രി, ആംബുലൻസ് സർവ്വീസ്, ഹൈവേ പട്രോൾ വാഹനത്തിന്റെ മൊബൈൽ നമ്പർ എന്നിവ ക്ലബ്ബിലെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും നൽകേണ്ടതാണ്.

അതാത് ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർ നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് ട്രാഫിക് നിയമം/സംസ്ക്കാരം എന്ന വിഷയത്തിൽ സ്ക്കൂൾ കുട്ടികൾക്കായി വൺ സ്റ്റാർ, ടു സ്റ്റാർ എന്നീ രണ്ട് സ്റ്റാൻഡേർഡിലുള്ള പരീക്ഷകൾ അതത് ഹൈവേ പോലീസ് സബ്ബ് ഇൻസ്പെക്ടർമാർ സ്ക്കൂളുകളിൽ (ഓരോ വർഷവും ഒന്നു വീതം) നടത്തേണ്ടതാണ്. റോഡ് സേഫ്റ്റി ക്ലബ്ബ് അംഗങ്ങൾക്ക് പ്രസ്തുത പരീക്ഷയിൽ പങ്കെടുക്കാവുന്നതും പരീക്ഷ പാസ്സാകുന്നവർക്ക് വൺ സ്റ്റാർ അല്ലെങ്കിൽ ടു സ്റ്റാർ ടെസ്റ്റ് പാസ്സായതിനുള്ള സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ടെസ്റ്റ് പാസ്സായ നൂറിലധികം കുട്ടികളുള്ള സ്ക്കൂളുകൾക്ക് ട്രാഫിക് വൺ സ്റ്റാർ പദവിയും അഞ്ഞൂറിലധികം കുട്ടികളുള്ള സ്ക്കൂളുകൾക്ക് ട്രാഫിക് ടു സ്റ്റാർ പദവിയും ലഭിക്കും ഇതിനുള്ള ചുമതല ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർക്കായിരിക്കും.

ജേക്കബ് പുന്നൂസ് ഐ പി. എസ്
പോലീസ് ഡയറക്ടർ ജനറൽ.